പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1141** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ശബരിമലയിൽ റോപ് വേ നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. കെ. ബിനിമോൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ശബരിമലയിലെ ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിന് നൂതന പദ്ധതികൾ എന്തെങ്കിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശബരിമലയിൽ NHAI സഹകരണത്തോടെ റോപ് വേ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരികയാണ്.

**(ബി)** ഇതിന്റെ ഭാഗമായി ശബരിമലയിൽ ഒരു റോപ്പ് വേ നിർമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** ശബരിമലയിൽ NHAI സഹകരണത്തോടെ റോപ് വേ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരികയാണ്.

**(സി)** ശബരിമല കൂടാതെ കേരളത്തിൽ മറ്റെവിടെയൊക്കെയാണ് റോപ്പ് വേ നിർമ്മിക്കുന്നതെന്നും അത് എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കേരളത്തിലെ റോപ്‌വേ പദ്ധതികൾക്ക് മൂന്ന് സ്ഥലങ്ങൾ-മൂന്നാർ (മാട്ടുപ്പെട്ടി മുതൽ വട്ടവട വരെ), അതിരപ്പിള്ളി (ടിക്കറ്റ് കൗണ്ടർ മുതൽ എതിർവശം വരെ), മണപ്പാട്ടുചിറ മുതൽ മലയാറ്റൂർ വരെ- സാധ്യതാപഠനത്തിൽ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി മൂന്ന് സ്ഥലങ്ങളുടെയും വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കൽ പുരോഗമിക്കുകയാണ്

**സെക്ഷൻ ഓഫീസർ**